THE PLANTATION CORPORATION OF KERALA LTD
(An ISO 9001:2008 Certified Company under Government of Kerala)
Registered Office: KOTTAYAM-686 004
CIN:U01119KL1962SGC001997
0481.2578301- 04, 2578306 (MD) Fax:0481.2575133 (MD) Web:www.pcklimited.in E-mail:pckltd@bsnl.in , mdpckltd@gmail.com

നം.SAL/F-907/3193 06/12/2022

**സ്ലോട്ടർ ടാപ്പിംഗ് കം റബ്ബർ മരങ്ങളുടെ വിൽപ്പന - റീ- ഇ-ടെൻഡർ കം ഇ- ഓക്ഷൻ-**

പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള **പേരാമ്പ്ര** എസ്റ്റേറ്റിലെ CUT-ടാപ്പിങ്ങിന് ശേഷം 2 വർഷം സ്ലോട്ടർ ടാപ്പിംഗ് നടത്തിക്കഴിഞ്ഞതും പ്രായമായതുമായ 5183 എണ്ണം റബ്ബർ മരങ്ങളിൽ നിന്നും സ്ലോട്ടർ ടാപ്പിംഗ് നടത്തി കറയെടുക്കുന്നതിനും തുടർന്ന് 28/02/2023 നുള്ളിൽ ടി മരങ്ങൾ മുറിച്ചുകൊണ്ടുപോകുന്നതിനുമുള്ള അവകാശം കരാറടിസ്ഥാനത്തിൽ നൽകുന്നതിന് കേരളാ സർക്കാർ വെബ് പോർട്ടലായ https://etenders.kerala.gov.in വഴി താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ആയതുപ്രകാരം റബ്ബർ മരങ്ങളുടെ വിലയുടെ വാഗ്ദാനം 12/12/2022 തീയതിയിൽ 5.00 P M മണി വരെ കരാറുകാർക്ക് ടി ഇ പോർട്ടൽ സൈറ്റിലൂടെ സമർപ്പിക്കാവുന്നതാണ്. ഇ-ടെൻഡർ കം ഇ-ഓക്ഷനിൽ പങ്കെടുക്കുവാൻ നിരത ദ്രവ്യമായി ബ്ലോക്ക് ഒന്നിന് 50,000(അൻപതിനായിരം രൂപ മാത്രം) കണക്കിൽ ഡിമാൻഡ് ഡ്രാഫ്റ്റ് ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന പേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ എടുക്കേണ്ടതാണ്. ഇ-ടെൻഡർ മുഖേന വാഗ്ദാനം സമർപ്പിക്കുന്നവർ ഓരോ ബ്ലോക്കിനും പ്രത്യേകം പ്രത്യേകം തിരിച്ചുള്ള വിലയാണ് സമർപ്പിക്കേണ്ടത്. ക്വട്ടേഷനുകൾ മേൽപ്പറഞ്ഞ ഇ-ടെൻഡർ പോർട്ടൽ വഴി മാത്രം സമർപ്പിക്കേണ്ടതാണ്. ഇ-ടെൻഡർ സമർപ്പിക്കുന്നതിനുള്ള സമയം അവസാനിച്ചതിനുശേഷം, കരാറുകാർ സമർപ്പിച്ച ഇ-ടെൻഡറുകൾ സാങ്കേതിക സാമ്പത്തിക പരിശോധനയ്ക്കുശേഷം ഇ-ടെൻഡറിൽ ഓരോ ബ്ലോക്കിലും ലഭിച്ച ഉയർന്ന നിരക്ക് അടിസ്ഥാനമാക്കി ടി ഇ പോർട്ടലിലൂടെ തന്നെ ഇ-ലേലത്തിന് പ്രസിദ്ധീകരിക്കുന്നതുമാണ്.

ടെൻഡർ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദിവസം ഹർത്താൽ, പൊതു അവധി തുടങ്ങിയ ഏതെങ്കിലും കാരണത്താൽ ഇ- ടെൻഡർ നടത്താൻ കഴിയാതെ വന്നാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തുതന്നെ ടി ടെൻഡർ നടത്തുന്നതായിരിക്കും. റീ-ഇ ടെൻഡർ കം ഇ-ഓക്ഷനിൽ വാഗ്ദാനം ചെയ്യപ്പെടുന്ന തുകകളിൽ ഏറ്റവും കൂടുതലായ തുകയുടെ വാഗ്ദാനം യുക്തമെന്ന് തോന്നുന്നപക്ഷം അംഗീകരിക്കുന്നതിനും അല്ലാത്തപക്ഷം നിരസിക്കുന്നതിനും കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

## റീ-ഇ-ടെൻഡർ കം ഇ- ഓക്ഷന്റെ നിബന്ധനകൾ

1. തപാൽ വഴി ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല.
2. റീ-ഇ-ടെൻഡർ ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, റീ-ഇ-ടെൻഡർ/ഇ--ഓക്ഷൻ വ്യവസ്ഥകൾ ടി ഇ-പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മതപത്രവും, ഒപ്പിട്ട ടെൻഡർ കണ്ടീഷനും, ഡിമാൻഡ് ഡ്രാഫ്റ്റിന്റെ സ്കാൻഡ് കോപ്പിയും, കരാറുകാരന്റെ ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ കോപ്പിയും ടെൻഡർ ഫീസ്(Rs.105) അടച്ച് ഇ-പോർട്ടലിൽ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.
3. റീ-ഇ ടെൻഡർ കം ഇ ഓക്ഷനിൽ പങ്കെടുക്കുന്നവർ ആയതിനു മുമ്പായി മാനേജരുടെ മുൻകൂട്ടിയുള്ള അനുവാദത്തോടെ തോട്ടത്തിൽ പോയി ബ്ലോക്കിന്റെ വിസ്തൃതി, അതിര്, മരങ്ങളുടെ എണ്ണം, മരങ്ങളുടെ നിലവിലുള്ള അവസ്ഥ, വഴി സൗകര്യം എന്നിവയെ കുറിച്ച് **നേരിട്ട്** മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടായാൽ പ്രസ്തുത തോട്ട**ത്തിലെ** മാനേജരുടെ തീരുമാനം അന്തിമമായിരിക്കുന്നതും, ആയത് ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.
4. **കരാർ കാലാവധി 28/02/2023 വരെ മാത്രമായിരിക്കും.**
5. റീ-ഇ-ടെൻഡർ കം ഇ ഓക്ഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കരാറുകാർ ബ്ലോക്ക് ഒന്നിന് Rs 50,000/- രൂപ എന്ന കണക്കിൽ ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന പേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ ഡിമാൻഡ് ഡ്രാഫ്റ്റ് എടുത്ത് അവയുടെ വിവരങ്ങൾ ടെൻഡർ വ്യവസ്ഥകളോട് അനുബന്ധിച്ചിരിക്കുന്ന പട്ടികയിൽ രേഖപ്പെടുത്തേണ്ടതും, അനന്തരം ടി ടെൻഡർ വ്യവസ്ഥകളുടെ എല്ലാ പേജുകളിലും ഒപ്പിട്ട് ഇ-ടെൻഡർ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. ഡിമാൻഡ് ഡ്രാഫ്റ്റ് സംബന്ധിച്ച വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്ന ടെൻഡർ വ്യവസ്ഥകളിൽ കൃത്യമായി ചേർക്കാത്ത പക്ഷം ടി കരാറുകാരന്റെ ടെൻഡർ നിരാകരിക്കുന്നതാണ്. ഡിമാൻഡ് ഡ്രാഫ്റ്റിന്റെ ഒറിജിനൽ ടെൻഡർ തുറക്കുന്ന ദിവസം 10 മണിക്ക് മുൻപായി പി സി കെ ഹെഡ് ഓഫീസ് വിലാസത്തിൽ ലഭിച്ചിരിയ്ക്കേണ്ടതാണ്.
6. കോർപ്പറേഷന്റെ മാനേജിംഗ് **ഡയറക്ടറുടെ അംഗീകാരം ലഭിച്ചശേഷം** പ്രസ്തുത **ഇ-ടെൻഡർ** സമർപ്പിച്ച വ്യക്തിയെ രേഖാമൂലം അറിയിക്കുന്നതും, അങ്ങനെ **റീ-ഇ-ടെൻഡർ കം ഇ-ഓക്ഷൻ** സ്ഥിരീകരണത്തിന്റെ തീയതി മുതൽ7 ദിവസത്തിനകം മൊത്തം തുകയുടെ 25% സെക്യൂരിറ്റി ഡിപ്പോസിറ്റായും (നിരതദ്രവ്യമടക്കം **കൂടാതെ** മൊത്തം ഇ-ടെൻഡർ കം ഇ-ഓക്ഷൻ തുകയുടെ 20 ശതമാനം അഡ്വാൻസും ബാധകമായ നികുതിയും, ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാ **ലിമിറ്റഡിന്റെ താഴെ പറയുന്ന അക്കൗണ്ടിൽ** അടച്ച് **കരാറുകാരന്റെ ചിലവിൽ** കോർപ്പറേഷനുമായി കരാർ **ഒപ്പിട്ട് രജിസ്റ്റർ ചെയ്യേണ്ടതുമാണ്.**

P.C.K LTD, A/C No. 2964201000048, IFSC-CNRB0002964.
Bank :- Canara Bank, Kanjikkuzhy, Kottayam.

7. റീ-ഇ ടെൻഡർ കം ഓക്ഷൻ സ്ഥിരീകരണത്തിന്റെ തീയതി മുതൽ 7 ദിവസത്തിനകം വ്യവസ്ഥകൾ അനുസരിച്ചുള്ള തുകകൾ യഥാസമയം അടച്ച് **കരാറുകാരന്റെ ചെലവിൽ** കോർപ്പറേഷനുമായി ഇതനുസരിച്ചുള്ള **ഉടമ്പടി 200/- രൂപ കേരള ഗവൺമെൻറ് വക** മുദ്രപത്രത്തിൽ വയ്ക്കേണ്ടതാണ്. അതിൽ വീഴ്ച വരുത്തുന്ന പക്ഷം **ഇ ടെൻഡർ കം ഓക്ഷൻ** അസ്ഥിരപ്പെടുത്തുന്നതും, സ്ഥിരീകരണ ഉത്തരവ് റദ്ദാക്കുന്നതും കോർപ്പറേഷനിൽ പ്രസ്തുത വ്യക്തി **അടച്ചിട്ടുള്ളതായ എല്ലാ തുകകളും**

കണ്ടുകെട്ടി കോർപ്പറേഷന്റെ ഖജനാവിലേക്ക് മുതൽ കുട്ടുന്നതുമാണ്. ഇതുമൂലം കോർപ്പറേഷനുണ്ടാ കാവുന്ന എല്ലാവിധ കഷ്ടനഷ്ടങ്ങൾക്കും പ്രസ്തുത വ്യക്തി ഉത്തരവാദിയായിരിക്കുന്നതും ആയത് കോർപറേഷൻ കരാറുകാരനിൽ നിന്നും ഈടാക്കിയെടുക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതും ടി കരാറുകാരനെ കോർപറേഷന്റെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതും കോർപ്പറേഷന്റെ പിന്നീടുള്ള ടെൻഡറുകളിൽ പങ്കെടുക്കുവാൻ കരാറുകാരന് സാധിക്കാത്തതുമാണ്.

8. ഏറ്റവും കൂടിയ തുകയ്ക്ക് ഇ-ടെൻഡർ സമർപ്പിച്ച/ഇ ഓക്ഷൻ വിളിച്ച വ്യക്തിയ്ക്ക് കോർപ്പറേഷൻ അന്തിമ തീരുമാനമെടുക്കുന്നതുവരെ സ്വമേധയാ അത് പിൻവലിക്കുവാൻ പാടുള്ളതല്ല. അഥവാ പ്രസ്തുത വ്യക്തി അപ്രകാരം പിൻവലിക്കുകയോ **ആറാം** വകുപ്പ് അനുസരിച്ചുള്ള തുക അടയ്ക്കാതിരിക്കുകയോ ചെയ്താൽ അയാൾ **അഞ്ചാം** വകുപ്പനുസരിച്ച് അടച്ചിട്ടുള്ള നിരതദ്രവ്യം കോർപ്പറേഷനിൽ മുതൽകൂട്ടുവാനും അപ്രകാരം സംഭവിക്കുന്ന പക്ഷം യുക്തമായ തീരുമാനമെടുക്കുവാൻ കോർപ്പറേഷന് പൂർണ്ണ അധികാരമുള്ളതുമാകുന്നു.
9. ഏറ്റവും കൂടുതൽ തുകയ്ക്ക് **ഇ-ടെൻഡർ കം ഇ—ഓക്ഷൻ** ചെയ്താലും കോർപ്പറേഷൻ അത് അംഗീകരിക്കാതെ വന്നാൽ പ്രസ്തുത വ്യക്തിക്ക് ടിയാൻ അടച്ച തുക പലിശരഹിതമായി മടക്കി നൽകുന്നതാണ്.
10. ലേലത്തുകയിൽ **ആറാം** വകുപ്പ് അനുസരിച്ച് അടച്ച 20 ശതമാനം തുക കഴിച്ച് ബാക്കി വരുന്ന തുകയും ബാധകമായ നികുതിയും നാല് തവണകളായി കോർപ്പറേഷൻ നിശ്ചയിക്കുന്ന തിയ്യതികൾക്ക് മുൻപായി കോർപറേഷനിൽ അടക്കേണ്ടതാണ്. (ഗഡുക്കളുടെ തുകയും, തീയതിയും കോർപറേഷന്റെ തീരുമാനപ്രകാരം കരാറിൽ വ്യക്തമായി രേഖപ്പെടുത്തുന്നതാണ്).
11. തവണകളിലെ നിശ്ചിത തുക ഏതെങ്കിലും അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ കരാർ പ്രകാരമുള്ള പ്രവർത്തികൾ തുടരുന്നതിന് അനുവദിക്കുന്നതല്ലാത്തതും വീഴ്ച്ച വരുത്തിയ തുക 25% പിഴപ്പലിശ സഹിതം പരമാവധി 30 ദിവസംവരെയുള്ള കാലയളവിനുള്ളിൽ കരാറുകാരന് അടച്ചു തീർക്കാവുന്നതും ആയത് സ്വീകരിക്കുന്നതിനും ആയതിനുശേഷം മാത്രം പ്രവർത്തികൾ തുടരുന്നതിന് അനുമതി നൽകുന്നതാണ്. ടി-കാലയളവിനുശേഷവും, നാളിതുവരെയുള്ള പിഴതുക സഹിതമുള്ള മുഴുവൻ കുടിശ്ശികയും അടച്ചുതീർക്കാതിരിക്കുന്നപക്ഷം കരാർ റദ്ദ് ചെയ്ത് അടച്ച തുക മുഴുവൻ കോർപ്പറേഷനിലേയ്ക്ക് മുതൽ കൂട്ടി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ **ഇ-ടെൻഡർ കം ഇ—ഓക്ഷൻ**വഴി ബാക്കിയുള്ള കാലത്തേയ്ക്ക് കടുംവെട്ട്, **മരം മുറി എന്നിവയുടെ** കരാർ നൽകുന്നതിനും തന്മൂലം ഉണ്ടാകാവുന്നതായ എല്ലാവിധ ചെലവുകളും നഷ്ടവും കരാറുകാരനിൽനിന്നും ഈടാക്കിയെടുക്കുന്നതിനുമുള്ള അധികാരം കോർപ്പറേഷന് ഉണ്ടായിരിക്കുന്നതാണ്.
12. മരങ്ങൾ വെട്ടിമാറ്റി നീക്കം ചെയ്യുന്നതിനുള്ള കാലാവധി **28/02/2023 വരെ മാത്രമായിരിക്കും.** കരാർ കാലാവധിക്ക് ശേഷം കരാറിൽ ഉൾപ്പെട്ട മരങ്ങൾ വെട്ടിമാറ്റാതിരിക്കുകയോ വെട്ടിയ മരങ്ങൾ എസ്റ്റേറ്റിൽ നിന്നും നീക്കം ചെയ്യാതിരിക്കുകയോ ചെയ്താൽ പ്രസ്തുത മരങ്ങളുടെ മേൽ കരാറുകാരന് പിന്നീട് യാതൊരു അവകാശവും ഉണ്ടാകുന്നതല്ലാത്തതും മുറിച്ച മാറ്റാത്ത മരങ്ങൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള ചെലവും നഷ്ടവും കരാറുകാരനിൽ നിന്ന് ഈടാക്കി എടുക്കുന്നതിനുള്ള പൂർണ്ണ അധികാരവും അവകാശവും കോർപ്പറേഷന് ഉണ്ടായിരിക്കുന്നതുമാണ്.
13. ഏതെങ്കിലും സാഹചര്യത്തിൽ കരാറുകാരന് കരാർ കാലാവധിക്കുള്ളിൽ മരം മുറിച്ച് നീക്കം ചെയ്യുന്നതിന് സാധിക്കാതെ വന്നാൽ കരാറുകാരന്റെ അപേക്ഷയിന്മേൽ, യുക്തമെന്ന് തോന്നുകയാൽ , ആഴ്ച ഒന്നിന് കരാർ തുകയുടെ

0.01 ശതമാനം പിഴപ്പലിശ ഈടാക്കി പരമാവധി 15 ദിവസം വരെ കരാർ കാലാവധി നീട്ടി നൽകുന്നതിന് കോർപറേഷന്റെ മാനേജിങ് ഡയറക്ടർക്ക അധികാരമുണ്ടായിരിക്കുന്നതാണ്.

14. യഥാസമയം തവണകൾ അടക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തുകയോ മറ്റേതെങ്കിലും രീതിയിൽ കരാർ ലംഘനം നടത്തുകയോ വരുത്തുകയോ ചെയ്താൽ ബാക്കി നിൽക്കുന്ന മൊത്തം തുകയും കരാറുകാരനിൽ നിന്നും 25% പിഴ സഹിതം ഒന്നിച്ച ഈടാക്കിയെടുക്കുവാൻ കോർപറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്. ഈ സാഹചര്യത്തിൽ ബാക്കി നിൽക്കുന്ന മരങ്ങൾക്കോ കരാറുകാരൻ അടച്ചിട്ടുള്ള തുകകൾക്കോ ടിയാന് അവകാശമില്ലാത്തതും അവ കോർപറേഷനിലേക്ക മുതൽ കൂട്ടുന്നതുമായിരിക്കും. കരാർ റദ്ദ ചെയ്യുന്നത് മൂലം കോർപറേഷനുണ്ടാകുന്ന എല്ലാവിധ കഷ്ട നഷ്ടങ്ങളും കരാറുകാരനിൽ നിന്ന് ഈടാക്കുന്നതായിരിക്കും.

15. കരാർ കാലയളവിൽ തോട്ടത്തിൽ തീപിടുത്തമുണ്ടാകാതെ തോട്ടം സംരക്ഷിക്കുന്ന തിനുള്ള പൂർണ്ണമായ ചുമതല കരാറുകാരനായിരിക്കും. ആയതിൽ വീഴ്ച വരുത്തി യാൽ കരാർ റദ്ദ് ചെയ്യുന്നതും സെക്യൂരിറ്റി തുകയും അടച്ചതായ മുഴുവൻ തുകയും കോർപ്പറേഷനിലേയ്ക്ക് കണ്ടുകെട്ടുന്നതിനും കോർപ്പറേഷന് അധികാര മുണ്ടായിരിക്കുന്നതാണ്. തൻമൂലം കോർപ്പറേഷന് ഉണ്ടാകാവുന്നതായ നഷ്ടവും ചെലവുകളും കരാറുകാരനിൽനിന്നോ, ടിയാന്റെ മുതലുകളിൽനിന്നോ ഈടാക്കി യെടുക്കുന്നതിനും കോർപ്പറേഷന് അധികാരവും അവകാശവുമുണ്ടായിരിക്കുന്ന താണ്. തീപിടുത്തം, വരൾച്ച, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന മരങ്ങളുടെ നഷ്ടം, കോർപ്പറേഷൻ തൊഴിലാളികളുടെയോ, കരാറുകാരുടെ തൊഴിലാളികളുടെയോ സമരം / പണിമുടക്ക് മുതലായവ മൂലമുണ്ടാകുന്നതോ മറ്റേതെങ്കിലും വിധത്തിലുള്ള തായ നാശനഷ്ടങ്ങൾക്കോ കോർപ്പറേഷൻ ഉത്തരവാദിയായിരിക്കുന്നതോ, നഷ്ട പരിഹാരങ്ങൾ നൽകുന്നതോ അല്ല. കരാറുകാരന്റെ തൊഴിലാളികൾക്ക് ലഭിക്കേ ണ്ടതായ യാതൊരുവിധ ആനുകൂല്യങ്ങളോ, നഷ്ടപരിഹാരമോ നൽകുന്നതിന് കോർപ്പറേഷന് ബാധ്യത ഉണ്ടായിരിക്കുന്നതല്ല. ആയത് കരാറുകാരൻ തന്നെ സ്വന്തം ഉത്തരവാദിത്വത്തിൽ നിർവ്വഹിക്കേണ്ടതാണ്.

16. കരാർ നൽകിയിട്ടുള്ള ബ്ലോക്കിൽ കോർപ്പറേഷൻ ഉദ്യോഗസ്ഥന്മാർക്ക് ഏത് സമ യവുംപരിശോധിക്കുവാനുള്ള അവകാശമുണ്ടായിരിക്കുന്നതാണ്.

17. കരാർ കാലയളവിൽ എസ്റ്റേറ്റ് അതിർത്തിക്കുള്ളിലോ, സമീപ വനപ്രദേശ ത്തിനുള്ളിലോ കരാറുകാരനോ, ടിയാന്റെ ഏജന്റോ, തൊഴിലാളികളോ വന്യമൃഗങ്ങളെ വേട്ടയാടുകയോ ആയതിനു സഹായിക്കുകയോ ചെയ്യാൻ പാടില്ല. കൂടാതെ നിയമം മൂലം നിരോധിക്കപ്പെട്ടിട്ടുള്ളതായ ഏതെങ്കിലും പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ആയതിനു സഹായിക്കുകയോ ചെയ്യു വാനും പാടുള്ളതല്ല. ഇതിന് വിപരീതമായി പ്രവർത്തിക്കുന്നപക്ഷം, തന്മൂലം ഉണ്ടാകുന്നതായ സകല കഷ്ടനഷ്ടങ്ങൾക്കും കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി. അങ്ങനെ സംഭവിക്കുന്ന പക്ഷം കരാറുകാരൻ കോർപ്പറേഷനിൽനിന്നും ഏറ്റെടുത്തിട്ടുള്ളതുമായ എല്ലാവിധ കരാർ ഇടപാ ടുകളും റദ്ദ് ചെയ്യുന്നതും കോർപ്പറേഷനിലേയ്ക്ക് അടച്ചിട്ടുള്ള എല്ലാ തുകയും കോർപ്പറേഷൻ മുതലിലേയ്ക്ക് കണ്ടുകെട്ടി മുതൽ കൂട്ടുന്നതിനും കൂടാതെ കരാറുകാരൻ ശേഖരിച്ചിരിക്കുന്നതും നീക്കം ചെയ്യാത്തതുമായ റബ്ബർ കറ /തടി കോർപ്പറേഷൻ കണ്ടുകെട്ടി മുതൽക്കൂട്ടുന്നതുമായിരിക്കും.

ആവശ്യമെന്ന് കണ്ടാൽ, ശേഷിക്കുന്ന കാലയളവിലേയ്ക്ക് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി ബ്ലോക്കുകളിൽ പുനർ **ഇ-ടെൻഡർ കം ഇ—ഓക്ഷൻ** വഴി **വിൽപ്പന** നടത്തുന്നതിനോ, സ്വന്തം ചുമതലയിൽ നേരിട്ടോ, അല്ലാതെയോ കരാർ പ്രകാരമുള്ള പ്രവൃത്തികൾ നടത്തുന്നതി**നോ** കോർപ്പറേഷന് തീരുമാനമെടുക്കാവുന്നതും ആയതിലേയ്ക്ക് ഉണ്ടാകാവുന്ന സകലവിധ ചെലവുകളും നഷ്ടവും കരാറുകാരനിൽനിന്നോ, ടിയാന്റെ മുതലുകളിൽനിന്നോ ഈടാക്കിയെടുക്കുന്നതിനും കോർപ്പറേഷന് അധികാരവും അവകാശവുമുണ്ടായിരി**ക്കുന്നതാണ്** .ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നതാകയാൽ കരാർ റദ്ദ് **ചെയ്ത്** കരാറുകാരൻ അടച്ചിട്ടുള്ളതായ എല്ലാ തുകകളും കോർപ്പറേഷനിലേയ്ക്ക് കണ്ടുകെട്ടി മുതൽകൂട്ടുന്നതുമായിരിക്കും.

18. കടുംവെട്ട് തുടങ്ങി റബ്ബർ സംഭരിക്കുന്നതിന് മുമ്പായി **കരാറുകാരൻ** ടിയാന്റെ തൊഴിലാളികളുടെ മേൽവിലാസങ്ങൾ എസ്റ്റേറ്റ് മാനേജരുടെ പക്കൽ രേഖാമൂലം നൽകി മാനേജരുടെയോ, ടിയാൻ അധികാരപ്പെടുത്തുന്നവരുടെയോ പക്കൽനിന്നും പ്രവേശനപാസ്സുകൾ വാങ്ങിയിരിക്കേണ്ടതാണ്. തൊഴിലാളികളെ മാറ്റി നിയമിക്കുന്ന സാഹചര്യത്തിലും ഈ നടപടി കരാറുകാരൻ പാലിക്കേണ്ടതാണ്.
19. **ഇ-ടെൻഡർ കം ഇ—ഓക്ഷൻ** തുകയ്ക്ക് പുറമെ വില്പന നികുതിയോ, മറ്റ് ഏതെങ്കിലും നികുതികളോ **നിയമംമൂലം** ബാധകമാക്കുകയാണെങ്കിൽ ആയത് കരാറുകാ**രനിൽ നിന്നും ഈടാക്കുന്നതുമാണ്. ഈ കരാർപ്രവർത്തികൾക്ക്** ഏതെങ്കിലും തരത്തിലുള്ള ലൈസൻസൊ മറ്റ് **രേഖകളോ** ആവശ്യമായാൽ ആയത് കരാറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും എടുക്കേണ്ടതാണ്.
20. കരാറുകാരനിൽനിന്നോ, ഏജന്റിൽനിന്നോ ടിയാന്റെ തൊഴിലാളികളിൽനിന്നോ കോർപ്പറേഷൻ വക റബ്ബർ മരങ്ങൾക്കോ, മറ്റ് വസ്തുവകകൾക്കോ ഏതെങ്കിലും നാശനഷ്ടം സംഭവിച്ചാൽ **ജനറൽ മാനേജർ (ഓപ്പറേഷൻസ്** ) നിശ്ചയിക്കുന്ന നഷ്ടപരിഹാരത്തുക കരാറുകാരൻ ഉടനെ തന്നെ **എസ്റ്റേറ്റ്** ഓഫീസിൽ അടയ്ക്കേണ്ടതാണ്. **ജനറൽ മാനേജർ (ഓപ്പറേഷൻസ്** ) ന്റെ ടി തീരുമാനം അന്തിമമായിരിക്കുന്നതും ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.
21. **ബ്ലോക്കുകൾ സ്ഥാനനിർണയം ചെയ്തിരിക്കുന്നതും. അതതു ബ്ലോക്കുകളിലുള്ള റബ്ബർ മരങ്ങൾ** അധികാരികളുടെ നിർദ്ദേശമനുസ്സരിച്ച് മാത്രമേ **സ്ലോട്ടർ ടാപ്പിംഗ് നടത്തുവാനും മരം** മുറിച്ചു മാറ്റാ**നും** കരാറുകാരന് അവകാശമുണ്ടായിരിക്കുകയുള്ളു. എസ്റ്റേറ്റിൽ നിന്ന് മുറിച്ചുമാറ്റുന്ന മരങ്ങളുടെ കണക്ക് അതു നീക്കം ചെയ്യുന്നതിനു മുമ്പ് എസ്റ്റേറ്റ് മാനേജരേയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനേയോ **രേഖാമൂലം** അറിയി**ച്ചി**രിക്കേണ്ടതാണ്.
22. വെട്ടിമാറ്റുന്ന മരങ്ങളല്ലാതെ എസ്റ്റേറ്റിൽ നിന്നും വിറക്, പുല്ല് തുടങ്ങിയ സാധനങ്ങൾ കാരാറുകാരനോ, അയാൾ ഏർപ്പെടുത്തുന്ന ആളോ, അയാളുടെ തൊഴിലാളികളോ, കൊണ്ടുപോകാൻപാടി**ല്ലാത്തതാണ്. റബ്ബർ** മരങ്ങൾ തറ നിരപ്പിൽ മുറിച്ചുമാറ്റേണ്ട **തും** മരങ്ങൾ പിഴുതെടുക്കുവാൻ പാടി**ല്ലാത്തതുമാണ്**

23. എസ്റ്റേറ്റിൽ നിന്നും സംഭരിക്കുന്ന റബ്ബറിന്റെ തൂക്കം അത് നീക്കം ചെയ്യുന്നതിനുമുമ്പ് എസ്റ്റേറ്റ് മാനേജരേയോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനേയോ അറിയിച്ചിരിക്കേണ്ടതാണ്.

24. എസ്റ്റേറ്റ് മാനേജർക്കും അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥന്മാർക്കും കരാറുകാരൻ, ടിയാന്റെ ഏജന്റ്, ടിയാന്റെ തൊഴിലാളികൾ, കരാറുകാരന്റെ റബ്ബർ കൊണ്ടുപോകുന്ന വാഹനങ്ങൾ മുതലായവ നിയന്ത്രിക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

25. **കരാർ കാലയളവിൽ കരാർ നൽകിയിട്ടുള്ള സ്ഥലത്തു നിന്നും** റബ്ബർക്കുരു ശേഖരിക്കുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

26. ടാപ്പിംഗിനുള്ള യാതൊരു സാധനസാമഗ്രികളും കോർപ്പറേഷൻ നൽകുന്നതല്ല. മരങ്ങളിൽ കോർപ്പറേഷൻ ഇപ്പോൾ പിടിപ്പിച്ചിട്ടുള്ള ചിരട്ട, ചില്ല്, കപ്പ്-ഹാംഗർ തുടങ്ങിയവ കോർപ്പറേഷൻ നീക്കം ചെയ്യുന്നതായിരിക്കും.

27. കരാർ കാലാവധിക്കിടയിൽ ടി സ്ഥലത്ത് കോർപ്പറേഷൻ യാതൊരു വിധ കാർഷിക പ്രവർത്തനവും നടത്തുന്നതല്ല.

28. **കരാർ കാലാവധിയിൽ** കാറ്റ് മൂലമോ, പ്രകൃതിക്ഷോഭം മൂലമോ ഒടിഞ്ഞോ, പിഴുതോ വീഴുന്ന മരങ്ങൾ**ക്ക് കോർപറേഷന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല. ടി മരങ്ങൾക്ക്** കരാർ തുകയിൽ ഇളവ് ലഭിക്കുന്നതല്ല.

29. കരാറുകാരൻ യാതൊരു കാരണവശാലും സ്ഥിരസ്വഭാവമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ യാതൊന്നുംതന്നെ തോട്ടത്തിനുള്ളിൽ നടത്താൻ പാടുള്ളതല്ല. തോട്ടത്തിനുള്ളിൽ കരാറുകാരന് ആവശ്യമായ താൽക്കാലിക ഷെഡുകൾ പണിയുന്നതിനു എസ്റ്റേറ്റ് മാനേജരുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങേണ്ടതും സ്വന്തം ചെലവിലും **ഉത്തരവാദിത്വത്തിലും ചെയ്യേണ്ടതാണ്. എന്നാൽ** കരാർ തീർന്ന് 15 ദിവസങ്ങൾക്കകം **ആയവ** പൊളിച്ചുമാറ്റേണ്ടതുമാണ്. അല്ലാത്തപക്ഷം ടി ഷെഡുകൾ കോർപ്പറേഷൻ ചെലവിൽ പൊളിച്ചു നീക്കം ചെയ്യുന്നതും **ആയതിലേക്ക്** ചെലവാകുന്ന സംഖ്യ കരാറുകാരനിൽനിന്നും ഈടാക്കുന്നതുമായിരിക്കും.

30. കരാറുകാരനോ, ഏജന്റോ ദർഘാസ്-ലേല കരാർ പ്രവർത്തികൾ നടക്കുന്ന സ്ഥലത്തുനിന്നും റബ്ബർ **കറയും മുറിച്ചുകൊണ്ട് പോകുന്ന റബ്ബർ മരങ്ങളും** നീക്കം ചെയ്യുന്ന സമയത്ത് എസ്റ്റേറ്റ് മാനേജരിൽനിന്നും പാസ് വാങ്ങിയിരിക്കേണ്ടതാണ്. സെക്യൂരിറ്റി പരിശോധനയ്ക്ക് വിധേയമായി മാത്രമേ ടി **സാധനങ്ങൾ എസ്റ്റേറ്റിന്** വെളിയിൽ കൊണ്ടുപോകാൻ **അനുവാദമുണ്ടായിരിക്കുകയുള്ളൂ.**

31. റബ്ബർ കറ/മരങ്ങൾ കൊണ്ടുപോകുന്ന സമയം എസ്റ്റേറ്റ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മണിമുതൽ വൈകുന്നേരം 6 മണി വരെയായിരിക്കും. എസ്റ്റേറ്റ് അവധി ദിവസങ്ങളിൽ യാതൊരു കാരണവശാലും മരം മുറിക്കുന്നതിനോ അനുബന്ധ പ്രവൃത്തി ചെയ്യുന്നതിനോ അനുവദിക്കുന്നതല്ല. **പ്രത്യേക സാഹചര്യങ്ങളിൽ മാനേജരുടെ രേഖാമൂലമായ അനുവാദത്തോടെ സമയപരിധിക്കുശേഷം മരങ്ങൾ മുറിച്ച് തടികൾ കൊണ്ടുപോകാൻ അനുമതി നൽകുന്നതാണ്.**

32. **ഇ-ടെൻഡർ കം ഇ-ഓക്ഷൻ സ്ഥിരപ്പെടുത്തിക്കിട്ടുന്ന ആൾ മരങ്ങൾ/തടികൾ / റബ്ബർ കറ റബ്ബർ ബോർഡിന്റെയോ ,സർക്കാരിന്റെയോ കലാകാലങ്ങളിലുള്ള നിയമങ്ങൾക്കു വിധേയമായി വിൽപ്പന നടത്തേണ്ടതാണ്.**

33. യാതൊരു കാരണവും കൂടാതെ **റീ-ഇ-ടെൻഡർ കം ഇ—ഓക്ഷൻ**_അംഗീക രിക്കുന്നതിനോ, നിരാകരിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം കോർപ്പ റേഷൻ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

34. **ഇ-ടെൻഡർ കം ഇ—ഓക്ഷൻ** തുകയുടെ 20 ശതമാനം അഡ്വാൻസും 25 **ശതമാനം** സെക്യൂരിറ്റി തുകയും ബാധകമായ എല്ലാ നികുതികളും **മുൻകൂട്ടി** അടച്ച് നിശ്ചിത കരാർ ഒപ്പിട്ടതിനുശേഷം **മാത്രമേ** ദർഘാസ്-ലേലം ഉറ പ്പിച്ചു കിട്ടിയിട്ടുള്ള വ്യക്തിക്ക് തോട്ടത്തിൽ പ്രവേശിക്കുന്നതിനും കടുംവെട്ട് നടത്തുന്നതിനും **തുടർന്ന്** മരം മുറിക്കുന്നതിനും അവകാശമുണ്ടായിരിക്കുക യുള്ളൂ.

35. കരാർ വ്യവസ്ഥകൾക്ക് വിപരീതമായി കരാറുകാരനോ, അയാളുടെ ഏജന്റോ തൊഴിലാളികളോ പ്രവർത്തിക്കുന്നതായി കോർപ്പറേഷന് ബോധ്യപ്പെട്ടാൽ മുന്നറിയിപ്പ് കൂടാതെ കരാർ റദ്ദാക്കുന്നതിനും അടച്ചിട്ടു ള്ളതായ എല്ലാ തുകകളും കണ്ടുകെട്ടി മുതൽക്കൂട്ടുന്നതിനുമുള്ള പരമാധികാരം കോർപ്പറേഷനുണ്ടായിരി**ക്കുന്നതാണ്.** ഇതുമൂലം കോർപ്പറേഷ നുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയായിരിക്കു ന്നതും ആയത് ടിയാനിൽനിന്നും ഈടാക്കുന്നതിന് കോർപ്പറേഷന് അവ കാശമുണ്ടായിരിക്കുന്നതാണ്.. അങ്ങനെ കരാർ റദ്ദാക്കേണ്ടിവരുന്ന സാഹ ചര്യത്തിൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ശേഷിക്കുന്ന കാല ത്തേയ്ക്ക് **പുനർ ഇ-ടെൻഡർ കം ഇ—ഓക്ഷൻ** നടത്തുന്നതിനോ, സ്വന്തം ചുമതലയിൽ നേരിട്ടോ, അല്ലാതെയോ കരാർ പ്രകാരമുള്ള പ്രവൃത്തികൾ നടത്തുന്നതിനുള്ള അവകാശവും **അധികാരവും** കോർപ്പറേഷനുണ്ടായിരി ക്കുന്നതാണ്. ആയതിലേയ്ക്ക് ഉണ്ടാകാവുന്ന ചെലവുകളും നഷ്ടവും കരാറുകാരനിൽനിന്നോ, ടിയാന്റെ മുതലുകളിൽനിന്നോ ഈടാക്കിയെടു ക്കുന്നതിനും കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതാണ്.

36. ഏതെങ്കിലും കാരണവശാൽ കാലാവധി തീരുന്നതിനുമുമ്പായി കരാർ ഉപേ ക്ഷിച്ചുപോകുന്ന പക്ഷം പ്രസ്തുത ബ്ലോക്ക് കോർപ്പറേഷൻ **പുനർ ഇ-ടെൻഡർ കം ഇ—ഓക്ഷൻ** നടത്തുന്നതും ഇതുമൂലം കോർപ്പറേഷനുണ്ടാകാ വുന്ന ചെലവുകളും നഷ്ടവും കരാറുകാരനിൽനിന്നും ഈടാക്കുന്നതുമാ ണ്.

37. കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, മറ്റ് ജീവനക്കാർക്കോ **ഇ-ടെൻഡർ കം ഇ- ഓക്ഷനുകളിൽ** പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

38. കടുംവെട്ട് വില്പന, **മരം മുറിക്കൽ എന്നിവ** സംബന്ധിച്ച **ഇ-ടെൻഡർ കം ഇ—ഓക്ഷനിലോ** ഇത് സംബന്ധമായ കരാർ വ്യവസ്ഥകളുടെ വ്യാഖ്യാനത്തി ലോ, നടത്തിപ്പിലോ എന്തെങ്കിലും തർക്കമുണ്ടാകുന്ന പക്ഷം കോർപ്പറേ ഷന്റെ മാനേജിംഗ് ഡയറക്ടർക്ക് അതിൽ തീർപ്പ് കല്പിക്കുവാൻ അധികാ രമുണ്ടായിരിക്കുന്നതും പ്രസ്തുത തീർപ്പ് അന്തിമമായിരിക്കുന്നതുമാണ്.

39. കരാർ നിയമപ്രകാരം കോർപ്പറേഷനും കരാറുകാരനുമായി എന്തെങ്കിലും വ്യവഹാരങ്ങൾ ഉണ്ടാകുന്ന പക്ഷം **ആയത് കോട്ടയം അധികാര പരിധിയിലുള്ള** കോടതികളിൽ നിക്ഷിപ്തമായിരി **ക്കുന്നതാണ്**

40. കരാർ ഒപ്പിട്ടതിനുശേഷം നൽകുന്ന ഓർഡർ തീയതി മുതൽ 30 ദിവസ ങ്ങൾക്കകം കടുംവെട്ട് ജോലി ആരംഭിക്കേണ്ടതാണ്.

41. കരാറുകാരന്റെ ആൾക്കാർക്കോ, മറ്റ് തൊഴിലാളികൾക്കോ സ്ലോട്ടർ ടാപ്പിംഗ്, **മരം മുറി** സംബന്ധമായി ഏതെങ്കിലും വിധത്തിൽ നിയമപരമായോ, മറ്റ് തരത്തിലോ, കൊടുക്കാനുള്ള വേതനത്തിനോ മറ്റ് ആനുകൂല്യങ്ങൾക്കോ കോർപ്പറേഷൻ യാതൊരു കാരണവശാലും ഉത്തരവാദിയായിരിക്കുന്നതല്ല. ഇത് സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങൾക്കും കരാറുകാരൻതന്നെ ഉത്തരവാദിയായിരിക്കുന്നതും ആയത് ടിയാൻ **സ്വന്തം ഉത്തരവാദിത്വത്തിൽ** പരിഹരിക്കേണ്ടതുമാണ്.

42. കരാറുകാരനാൽ നിയോഗിക്കപ്പെടുന്ന എല്ലാ തൊഴിലാളികളുടെയും നിയമാനുസൃതം എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിലേയ്ക്കുള്ള പ്രതിമാസം വിഹിതം അടയ്ക്കുകയും രസീതിന്റെ പകർപ്പ് തുക അടച്ച് പത്ത് ദിവസങ്ങൾക്കുള്ളിൽ കോർപ്പറേഷന്റെ ഓഫീസിൽ ഹാജരാക്കേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം, നിയമപ്രകാരമുള്ള പ്രൊവിഡന്റ് ഫണ്ട് വിഹിതവും**,** സർചാർജും അടക്കമുള്ള സംഖ്യ കരാറുകാരന് കോർപ്പറേഷനിൽനിന്നും ലഭിക്കാനുള്ള തുകയിൽനിന്നോ, മറ്റേതെങ്കിലും വിധത്തിലോ ഈടാക്കി പ്രൊവിഡന്റ് ഫണ്ട് ഓഫീസിലേയ്ക്ക് അടയ്ക്കുന്നതും ഇത് സംബന്ധമായി ഉണ്ടാകാവുന്ന ഏത് അവകാശവാദവും സാമ്പത്തിക ബാധ്യതകളും കരാറുകാരന്റെ ഉത്തരവാദിത്വത്തിലായിരിക്കുന്നതുമാണ്.

43. കരാർ ഏറ്റെടുക്കുന്നയാൾ കരാർ പൂർത്തിയാക്കിയതിനുശേഷം എസ്റ്റേറ്റ് മാനേജരിൽനിന്നുള്ള **ബാധ്യതാ രഹിത** സർട്ടിഫിക്കറ്റ് ഹാജരാക്കി 15 ദിവസത്തിനകം കോർപ്പറേഷന് എന്തെങ്കിലും തരത്തിലുള്ള തുക കരാറുകാരനിൽനിന്നും ഈടാക്കാനുണ്ടെങ്കിൽ ആയത് വസൂൽ ചെയ്തതിനുശേഷം **ബാക്കിയുള്ള** സെക്യൂരിറ്റി തുക തിരികെ നൽകുന്നതാണ്. **സെക്യൂരിറ്റി തുകക്ക് പലിശ നൽകുന്നതല്ല.**

44. മരങ്ങളുടെയോ, ബ്ലോക്കുകളുടെയോ എണ്ണം, ക്രമീകരണം എന്നിവയിൽ പരസ്യപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായി ഭേദഗതികൾ വരുത്തുന്നതിനുള്ള അധികാരം മാനേജിംഗ് ഡയറക്ടർക്കുണ്ടായിരിക്കുന്നതാണ്.

45. **ഇ-ടെൻഡർ കം ഇ—ഓക്ഷനിൽ** പങ്കെടുക്കുന്നവർ **ഇ-ടെൻഡർ കം ഇ—ഓക്ഷനിൽ പങ്കെടുക്കുന്ന സമയത്ത് ആധാർകാർഡ്, പാൻകാർഡ് എന്നിവ അപ് ലോഡ് ചെയ്യേണ്ടതും തുടർന്ന് കരാർ ഉടമ്പടി വെക്കുന്നതിനായി വരുമ്പോൾ ടി കാർഡുകളുടെ ഒറിജിനലും ഒരു പകർപ്പും കൂടി** കൊണ്ടുവരേ**ണ്ടതുമാണ്.**

46. കരാർ ഉറപ്പിച്ചു കിട്ടിയ വ്യക്തി ടി അവകാശം മറ്റൊരാൾക്കും **കൈമാറ്റം ചെയ്യാനോ** മറിച്ചു **നൽകാനോ** പാടുള്ളതല്ല.

47. ഇരുപത്തിയൊന്നു വയസ്സിൽ താഴെയുള്ളവർക്കും**,** ഇൻഡ്യൻ പൗരത്വമില്ലാത്തവർക്കും **ഇ-ടെൻഡർ കം ഇ—ഓക്ഷനിൽ** പങ്കെടുക്കുവാൻ അർഹതയില്ല. ഇന്ത്യൻ കരാർ വ്യവസ്ഥപ്രകാരം കരാർ ഒപ്പിടുവാൻ അർഹതയില്ലാത്തവരേയും **ഇ-ടെൻഡർ കം ഇ—ഓക്ഷനിൽ** പങ്കെടുപ്പിക്കുന്നതല്ല.

48. ടെണ്ടർഫോറത്തിന് 5.00 രൂപാ നികുതിയടക്കം 105.00 രൂപാ **ഇ-പോർട്ടൽ** വഴി അടയ്ക്കേണ്ടതാണ്.

.

49. ടി-വ്യവസ്ഥകൾ കരാറിന്റെ ഭാഗമായിരിക്കുന്നതാണ്.

50. ഇ-പോർട്ടൽ മുഖേന ഇ-ദർഘാസ്സുകൾ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം 12/12/2022, 5 പി.എം. വരെയാണ്. 14/12/2022 ന് 02.30 പി.എം.ന് ഇ-ദർഘാസ്സുകൾ തുറക്കുന്നതുമാണ്.

പ്ലാൻറേഷൻ കോർപ്പറേഷനുവേണ്ടി,

(sd/-)

ഒപ്പ്

ജനറൽ മാനേജർ(സി)

മേൽ വ്യവസ്ഥകൾ വായിച്ചു നോക്കി

പൂർണ്ണമായും അംഗീകരിച്ചിരിക്കുന്നു.

ഒപ്പ്

തീയതി

പേര്

മേൽ വിലാസം, കര, വില്ലേജ്, താലൂക്ക്, ജില്ല

## Details of trees awarding Slaughter area given below

## Re-E-Tender cum E-auction

### PERAMBRA ESTATE-MUTHUKAD DIVISION- 1986 Area- 56 Ha.

| SL.NO. | BLOCK | TREES | STUMPS | RUNTS | DRIED | TOTAL | D.D. No. | D.D. Date | D.D. Amount |
|---|---|---|---|---|---|---|---|---|---|
| 1. | E | 918 | 16 | 12 | 64 | **1010** | | | |
| 2. | F | 838 | 11 | 5 | 46 | **900** | | | |
| 3. | G | 884 | 12 | 6 | 98 | **1000** | | | |
| 4. | H | 880 | 54 | 16 | 50 | **1000** | | | |
| 5. | I | 883 | 19 | 11 | 87 | **1000** | | | |
| 6. | M | 250 | 3 | 3 | 17 | **273** | | | |
| **TOTAL** | | **4653** | **115** | **53** | **362** | **5183** | | | |

പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

**CIN No: UO1119KL1962SGC001997**

കോട്ടയം - 686004

സ്ഥലം:

തീയതി:

<u>സമ്മതപത്രം</u>

പ്ലാന്റേഷൻ കോർപ്പറേഷന്റെ **പേരാമ്പ്ര എസ്റ്റേറ്റിലെ** കടുംവെട്ട് കരാറിന്റെ **റീ-ഇ-** ദർഘാസ്-ലേല വ്യവസ്ഥകൾ ഇന്നേദിവസം കൈപ്പറ്റിയിരിക്കുന്നു. ടി വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, ആയത് ഞാൻ അനുസരിക്കുന്നതുമായിരിക്കുമെന്നും ഇതി നാൽ സമ്മതിച്ചുകൊള്ളുന്നു.

**പേര്**

**തപാൽ മേൽവിലാസം**

**കര**

**വില്ലേജ്**

**താലൂക്ക്**

**ജില്ല**

**പിൻകോഡ്**

**ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ)**

**ലാന്റ് നമ്പർ :**

**മൊബൈൽ നമ്പർ :**

**ഒപ്പ്**

**…………………**